# വാകമരത്തണലിൽ

ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ




## J.M. High School

Sasthamcotta,Poruvazhy

Email:jmhssasthamcotta@gmail.com

# ആശംസകൾ

കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്ന
ഈ സംരഭത്തിന് എല്ലാ വിധ ഭാവുകങ്ങളും

**ഷാജികോശി**
മാനേജർ
ജെ.എം.എച്ച്.എസ്& റ്റി.റ്റി.ഐ
ശാസ്താംകോട്ട

# ആശംസകൾ

സർഗ്ഗസൃഷ്ടിയുടെ നവദീപങ്ങൾ തിരിനീട്ടുമ്പോൾ......
അക്ഷരങ്ങളിലൂടെ കുരുന്ന ഭാവനകൾ ജിവിതത്തിനും
നിറം പകരുമ്പോൾ....
ഈ സംരഭത്തിന് എല്ലാ വിധ ഭാവുകങ്ങളും

**എസ്.ശ്രീലത**
ഹെഡ്മിസ്ട്രസ്
ജെ.എം.എച്ച്.എസ്
ശാസ്താംകോട്ട

# ബാല്യം

ഓർമ്മച്ചിറകുകൾ വീശുന്നു ബാല്യത്തേക്ക്
മധുരമായ ബാല്യത്തിൽ സുഖമാർന്ന നനവും
ചിരിക്കുന്ന മുഖങ്ങളും
തലോടുന്ന കൈ വിരലുകളും
ചുംബിക്കുന്ന ചുണ്ടുകളും
വിദ്യതേടിപോയെന്നെ കാത്തിരുന്നൊരാ
മിഴികൾ ആകാംക്ഷയുമായി
അക്ഷരതാളിലെ മയിൽപീലി പെറു
ക്കുവാൻ കണ്ണുനട്ടിയിരുന്നയെന്നെ
തേടിയെന്നീ ഒരായിരം കഥകൾ ...
മാമുണ്ണുവാൻ ചില്ലയിലെ കിളികളെക്കാട്ടി
കവിളിപ്പിച്ചുവോയെന്നെ .....
മാമ്പഴത്തിൽ മാധുര്യവും പുളിതൻ പുളിപ്പും
ചുണ്ടിലേന്തുന്നു.. ബാല്യത്തിൽ നാളുകൾ ....
അണ്ണാറക്കണ്ണന്റെ ചില്ലചാട്ടം
കൂകും കുയിൽതൻ സ്വർണ്ണനാദം
അനുകരിക്കുമീയെന്ന തേടിയെത്തീ
കൗതുകത്തിൽ ചെപ്പ് .....
ബാല്യമായ നാളുകൾയെന്നിൽ നിന്നും
മിന്നി മറഞ്ഞുവോ...?
ഓടിയൊളിച്ചുവോ ?..
മധുരമാം ബാല്യം പിന്നെ വെറു -
മൊരു ഓർമ്മകൾ ....! ഓർമ്മകൾ

## പൈതൃക പുണ്യം
## ഈ സരസ്വതീക്ഷേത്രം

കൊല്ലം ജില്ലയുടെ ജലസ്രോതസ്സായ ശാസ്താംകോട്ട തടാകതീരത്ത് ഇന്നും തലയെടുപ്പോടെ ശോഭിക്കുന്ന ഈ കലാലയം സാമൂഹ്യവികസനത്തിന്റെ വിപ്ലവ നക്ഷത്രമായ ശ്രീമാൻ ഉമ്മൻ സാറിനാൽ 1921 ൽ സ്ഥാപിതമായി. അദ്ദേഹത്തിന്റെ പിതാവായ ശ്രീ. കെ.എൻ.ജോണിന്റെ സ്മരണാർത്ഥം ജോൺ മെമ്മോറിയൽ മിഡിൽ സ്കൂൾ എന്നറിയപ്പെട്ടു. 1939 ൽ ഈ സ്കൂളിനോടനുബന്ധിച്ച് റ്റി.റ്റി. സി സ്ഥാപിതമായി. തുടർന്ന് 1949 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ശ്രീ.കെ.ജെ.ഉമ്മൻ ആദ്യ ഹെഡ്മിസ്ട്രസായി സേവനമനുഷ്ടിച്ചു. ഈ സ്കൂളിന്റെ ഭൂതകാലം അയവിറക്കുമ്പോൾ ഈ മഹാന്റെ വ്യക്തിത്വത്തിനുമുന്നിൽ പ്രണമിച്ചുപോവുക സ്വാഭാവികം മാത്രം. കലാകായിക രംഗത്തും അക്കാഡമിക് രംഗത്തും സമശീർഷതയോടെ നിലകൊള്ളുന്ന ഈ സ്ഥാപനം പൂർവ്വ പുണ്യം കൊണ്ടെന്നപോലെ ഇന്നും അതിന്റെ പ്രൗഢി കാത്തുസൂക്ഷിച്ച് മുന്നേറുന്നു. സ്കൂളിന്റെ ചരിത്രത്തോടൊപ്പം വളർന്ന് നിറയെ പൂക്കുന്ന വാകമരങ്ങൾ ഈ സരസ്വതീക്ഷേത്രത്തിന് കൂടുതൽ ശോഭ പകരുന്നു.

## എന്റെ ബാല്യകാലം

ഓടിക്കളിക്കുമീ വിദ്യാലയ
മുറ്റത്ത്
ഓർമ്മതൻ കളിവീട്
തീർക്കെ..
ഞാനുമാ വീട്ടിലെ
അംഗമായിതീരവെ....
നെയ്തു ഞാൻ സ്വപ്നം
തൻപുതുവസന്തം

ഓർക്കുന്നു ഞാനെന്റെ
വിദ്യാലയമുറ്റവും ,
ഓർക്കുന്നു ഞാനെന്റെ
ബാല്യകാലം
കാലചക്രത്താൽ വിടപറഞ്ഞ
കൂട്ടുകാർ
ഓർക്കുന്നു ഞാൻ
അവരോടൊത്തുള്ള പ്രിയനാളുകൾ

ഇണങ്ങിയും പിണങ്ങിയും
നാൾകടക്കെ ...
അറിഞ്ഞീല ഞാനെൻ
കടന്നുപോയ ദിനങ്ങൾ
തേങ്ങുന്നുമനമിനിയും
അവരെയൊന്നു കാൺമാൻ
അതൊരു തേങ്ങലായ്
കിടക്കെ ...
വീണ്ടുമാമുറ്റത്ത്
എത്തിനിൽക്ക ഞാൻ
കണ്ടു ഞാൻ വാകകൾക്കിടയിൽ
ഓർമ്മതൻ വർണ്ണച്ചെപ്പ്
ആഗ്രഹിച്ചു പോകയാണ്
കഴിഞ്ഞ ബാല്യമിനിയും ..

# വിധി എഴുതിയ ജീവിതം

തെക്കേമനക്കലെ മാണിക്യന്റെ മകളാണ് സാവിത്രി. കാർകൂന്തലുകൾ വിരിച്ചിട്ട മുടിനാഴികകൾ, മാനിന്റെ കണ്ണും, മുല്ലമൊട്ടിൻ പല്ലുകളുമുള്ള ഒരു ഉണ്ണിത്താട്ടി. ഓർമ്മവയ്ക്കുന്നതിന് മുമ്പുതന്നെ അമ്മ അവളെ വിട്ടുപിരിഞ്ഞു. എന്നാൽ അവൾ അതിന്റെ വിഷമം അറിഞ്ഞിട്ടില്ല. എല്ലാ വാത്സല്യവും മാണിക്യൻഅവൾക്ക് കൊടുത്തു. മനയിൽ മാണിക്യനും, സാവിത്രിയും പിന്നെ സാവിത്രിയുടെ കാര്യം നോക്കുവാൻ നാണിയമ്മയും. നാണിയമ്മയോടായിരുന്നു അവളുടെ കുസതിയും പിണക്കവുമെല്ലാം. തെക്കേമനയ്ക്കലെ നമ്പൂതിരി തന്റെ ഉടപിറന്നവൾക്കും, അനന്തരവർക്കും പിന്നെ മക്കൾക്കും ഭാഗം വച്ച സ്വത്തുക്കളിൽ ഒരു ഭാഗം ചെറുമകനായ മാണിക്യനും കൊടുത്തിരുന്നു. തറവാടും ഇല്ലപ്പേരുമൊഴികെ ബാക്കി സ്വത്തുക്കളുടെയെല്ലാം ഏക അവകാശി സാവിത്രി തന്നെയായിരുന്നു. എന്നാൽ അവൾക്ക് അതിന്റെ അഹങ്കാരമൊന്നുമില്ലായിരുന്നു. ദിനങ്ങൾ കൂടുകയും ചെയ്തു. അധികം താമസിക്കാതെ തന്നെ മാണിക്യൻ അവളെ വിട്ടുപോയി. അവളുടെ സന്തോഷം അണഞ്ഞു. വീട് നിശബ്ദമായി. നാണിയമ്മയും വീട്ടിൽ നിന്നുപോയി. പൂർണ്ണമായും അവൾ ഒറ്റപ്പെട്ടു. രാവും പകലുമെല്ലാം കണ്ണിൽ ഇരുട്ടായിരുന്നു. ഇരുട്ട് അവളിൽ ഭയം ഉളവാക്കി. ചോദിക്കാനും പറയാനും ആരും ഇല്ലാതെ താൻ എന്തിനുവേണ്ടിയാണ് ഈ ലോകത്തിൽ ജീവിക്കേണ്ടത് എന്ന ചോദ്യം അവളിൽ ഉളവാക്കി. അങ്ങനെയിരിക്കെ അച്ഛന്റെ ബന്ധുക്കൾ വീട്ടിൽ വന്നത്. അച്ഛൻ അവരെ അകറ്റി നിർത്തിയതാണെങ്കിലും അവർ വന്നപ്പോൾ മനസ്സിലൊരു ആശ്വാസം തോന്നി. ഈ ആശ്വാസം പിന്നീട് കുറഞ്ഞു. താൻ ഇല്ലത്തിൽ നിന്ന് അകലുന്നതുപോലെ തോന്നി. തോന്നലല്ലായിരുന്നു, യാഥാർത്ഥ്യമായിരുന്നു. അച്ഛന്റെ ബന്ധുക്കൾ തന്റെ പേരിലുള്ള സ്വത്തുക്കൾ ഒരു വെള്ളകടലാസിൽ വഞ്ചനയുടെ ഭാഷയിൽ എഴുതി വാങ്ങിച്ചു. സ്വത്തുക്കളും ഇല്ലവും നഷ്ടപ്പെട്ട സാവിത്രിയ്ക്ക് പിന്നീട് പാചകപ്പുരയിലാണ് സ്ഥാനം കിട്ടിയത്. നാണിയമ്മയോട് അവൾ കാണിച്ച ദയ പോലും അവൾക്ക് ബന്ധുക്കളിൽ നിന്നും കിട്ടിയില്ല. ഒരുപാട് യാതനകൾ അനുഭവിച്ചു. ശരീരം ക്ഷയിക്കാൻ തുടങ്ങി. അങ്ങനെയിരിക്കെ ഒരു രാത്രിയിൽ എല്ലാവരുടേയും കണ്ണുവെട്ടിച്ച് തെക്കേമനയ്ക്കലെ മാണിക്യന്റെ മകൾ എന്ന പേരും ഉപേക്ഷിച്ച്, അച്ഛന്റെ ഓർമ്മകൾ ഉള്ള ഇല്ലത്തുനിന്നും പടിയിറങ്ങി.. എങ്ങോട്ടാണെന്ന് അറിയാതെ... താൻ എന്താണീ ചെയ്യുന്നതെന്ന് അറിയില്ല.... എങ്ങോട്ടാണെന്നറിയില്ല... നടന്നു... തന്നെ ആരോ പിൻതുടരുന്നതുപോലെ ഒരു ഭയം തോന്നി. അവശനിലയിലാണെങ്കിൽ കൂടി അവൾ ഓടി. ഓടി അവളുടെ കാലുകളിൽ നിന്നും ചോര പൊടിഞ്ഞു. ശരീരം വിയർത്തു. അങ്ങനെ ഓടികയറിയത് ഗോപുര അറയ്ക്കലെ വിദ്യാലയത്തിലെ വാദ്ധ്യാരായ ദേവന്റെ മനയിലാണ്. വീട്ടിൽ ദേവനും വസൂരി പിടിച്ച് കിടപ്പിലായ അമ്മയും. മനയിൽ

ദാരിദ്ര്യമാണ്. വാതിലിൽ ഉച്ചത്തിൽ തട്ടുന്നതാരാണെന്ന് നോക്കുവാൻ ദേവൻ വാതിലിനടുത്തേക്ക് പോയി. വാതിൽ തുറന്നപ്പോൾ അവശനിലയിലായ പെൺകുട്ടി. ആരാണെന്നോ, ഏതാണെന്നോ ചോതിയ്ക്കാതെ വീട്ടിൽ കയറ്റി. വെള്ളം... വെള്ളം എന്നു മാത്രം സാവിത്രി പറയുന്നുണ്ടായിരുന്നു. കുറച്ചു കഞ്ഞിയുടെ വെള്ളം കൊടുത്തു. അവൾ പെട്ടെന്ന് ഉണർന്നു. ചുറ്റിന് നോക്കി. ആരാണ് ദേവാ... അമ്മയുടെ മരുന്നുംകൊണ്ട് ഉണ്ണി വന്നതാണോ? അമ്മയുടെ ചോദ്യം ഉയർന്നു. അവർ പറഞ്ഞു, ഇല്ല്യാ അമ്മേ.. ഒരു പെൺകുട്ടി.. അവശനിലയിലാണെന്നു തോന്നുന്നു. കുറച്ചുകഞ്ഞിയുടെ വെള്ളം കൊടുത്തു. ദേവൻ സാവിത്രിയോട് ചോദ്യങ്ങൾ ഉയർത്തി.. സാവിത്രി തന്റെ ജീവിതം പറഞ്ഞു. ദിവസങ്ങൾ കഴിഞ്ഞുകൂട. ദേവന്റെ അമ്മയുടെ ദീനം കൂടിയിരിക്കുന്നു. വളരെപെട്ടെന്നായിരുന്നു അവന്റെ അമ്മയുടെ മരണം. ശാപം കിട്ടിയ ജന്മമാണെന്നും ആർക്കുവേണ്ടിയാണ് ജീവിക്കുന്നതെന്ന് പറഞ്ഞ് അവൾ ഉമ്മറപടിയ്ക്കൽ ഇരുന്നു തേങ്ങി തേങ്ങി കരഞ്ഞു.. ദേവൻ സാവിത്രിയെ വിളിച്ചു. ഇത് നമ്മുടെ വിധിയാണ് .. നമുക്ക് രണ്ടുപേർക്കും ഇല്ലപ്പേര് മാത്രമാണ് അവശേഷിക്കുന്നത്. ഒറ്റപ്പെട്ട എന്റെ ജീവിതത്തിലേക്ക് ഒറ്റപ്പെട്ട നിന്നെ ക്ഷണിക്കുന്നു. ദേവൻ പറഞ്ഞു. അവർ ഒരു പുതിയ ജീവിതത്തിന് തുടക്കം കുറിച്ചു. കുറച്ചു മാസങ്ങൾക്കു ശേഷം ഒരു പൊന്നോമന സാവിത്രിയുടെ അമ്മയുടെ പേരായ ദേവിയെന്ന് ആ കുഞ്ഞിന് നാമകരണം ചെയ്തു. സാമ്പത്തികം കുറവാണെങ്കിലും വളരെ സന്തോഷപൂർവ്വമായ ജീവിതം നയിച്ചു. സന്തോഷവേളകൾ പിന്നീട് അവൾ വിഷമ വേളകളാണ് സമ്മാനിച്ചത്. അമ്മയ്ക്ക് വസൂരി പിടികൂടിയതുപോലെ ദേവനും വസൂരി പിടികൂടി. പല വൈദ്യന്മാരും ചികിത്സിച്ചു. ചികിത്സയ്ക്ക് പണം ആവശ്യമായിവന്നു. അവളും കുഞ്ഞും ചികിത്സയ്ക്കായി വൈദ്യന്മാരുടെ വീടുകളിൽ കയറിയിറങ്ങി. ദേവന് ദീനം കൂടി. അവൻ ദൈവത്തിന്റെ സ്വർഗ്ഗ വാതിലിലേക്ക് അവളേയും കുഞ്ഞിനേയും ഒറ്റപ്പെടുത്തിക്കൊണ്ട് യാത്രയായി.

അച്ഛനും അമ്മയ്ക്കും ജീവനുതുല്യനായ പ്രിയനും മരിച്ചു. പിന്നെ എന്തിനാണ് ഞാൻ ! ഇനിയൊരു ജീവിതം വേണ്ട എന്ന് ഉറപ്പിച്ചു. പക്ഷെ കുഞ്ഞ്.. കുഞ്ഞെന്തുതെറ്റു ചെയ്തിട്ടാണ് അവളെ കൊല്ലുന്നത്... അതുവേണ്ട... മാടൻപുറത്തെ കാവിന്റെ നടയിൽ കുഞ്ഞിനെ കിടത്തി... സാവിത്രി ഒരായിരം ഉമ്മകൾ കൊടുത്തു. ഓർമ്മപോലും ഉദിക്കാത്ത ദേവകി കരഞ്ഞു വിളിച്ചു തന്റെ ഇങ്ങനെയുള്ള ജീവിതം നിശ്ചയിച്ച ഞാൻ ആരാധിക്കുന്ന എന്റെ കുഞ്ഞിന്റേയും ജീവിതം നിശ്ചയിക്കട്ടേ...... ദേവകി കരഞ്ഞു.

പക്ഷെ സാവിത്രി തന്റെ പകുതി ജീവൻ അവിടെ വെടിഞ്ഞുകൊണ്ട് കുഞ്ഞിന്റെ ഓരോ കരച്ചിലും മനസ്സിൽ കുത്തിപിളരുന്ന വേദനയോടെ മാടൻപുറത്തെ കാവിന്റെ ആൽമരത്തിൽ ജീവിതം ഉപേക്ഷിച്ചു. ആത്മാവ് സ്വർഗത്തിലേക്ക് പോയെങ്കിലും ജീവൻ മുഴുവൻ ദേവകിയുടെ മേലിലാണ്.

# ശാസ്താംകോട്ട തടാകം ഒരു വിലാപം

ലോക പൈതൃക പട്ടികയിൽ ഇടം നേടിയ നമ്മുടെയെല്ലാം പൊതു സമ്പത്തുമായ ശാസ്താംകോട്ട ശുദ്ധജല തടാകം ഇന്ന് മരണവും കാത്ത് ശരശയ്യയിലാണ്. മുറവിളികളും മറുവിളികളും സത്യാഗ്രഹങ്ങളും, പ്രഖ്യാപനങ്ങളും ഒരു പാട് നടന്നു. എന്നിട്ടും പ്രതിവിധികളെല്ലാം ഫയലുകളിലൊതുങ്ങി.

ഒരു കാലം നമ്മളുടെ നന്മയുടെ ഉറവിടമായിരുന്ന ഈ പ്രകൃതിദത്ത തടാകത്തിന്റെ ഗതി വേദനാജനകം. ഇനിയും നാം ഒരുമയോടെ ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ...

വരും തലമുറയോട് ഇങ്ങനെ പറയേണ്ടിവരും..

ഇവിടെ ഇങ്ങനെ ഒരു തടാകം ഉണ്ടായിരുന്നു...... എന്ന്

നാളെയുടെ നിശ്വാസം തേങ്ങലാകാതെ

നന്മയുടെ നാമ്പുകൾ നട്ടുകൂടെ...

****************************************************

ഒത്തുനടത്തും വിദ്യാലയമിതു
ഭരണിക്കാവിൻ തിലകത്തൊടുകുറി

പഠനകാര്യം പറയട്ടെ ഞാൻ
സബ്ജില്ലയിലിതുമൊന്നാം പ്രോത്സാഹനമീ
പള്ളിക്കൂട ചരിത്രപ്പെരുമകൾ
കലയുടെ തിലകം പലകുറിവാങ്ങിയ
നിരവധി കുട്ടികളുണ്ടീ സ്കൂളിൽ

കേരളമെങ്ങും കേൾവിപ്പെട്ടിടു
മനവധി ശ്രേഷ്ഠർ വന്നിട്ടുണ്ടീ
സ്കൂളിൽ  നിരവധിയാഘോഷങ്ങളിൽ
തകഴിച്ചേട്ടനും പള്ളിപ്പുറവും
ഒ.എൻ.വിയും വിനയൻസാറും
ഏഴാച്ചേരിയും പനച്ചൂരാനും
കടമ്മനിട്ടക്കവിയും, ചേട്ടനും
കുരീപ്പുഴയും ജോൺസൺമാഷും
എന്നല്ലീവിധമെല്ലാപേരെയും
ദർശിച്ചതുമീമുറ്റത്തല്ലോ... !

അക്ഷരമുത്തുകൾ വാരിക്കൂട്ടി
അറിവിൻ ഭാണ്ഡമൊരുക്കാനെത്തിയ
കുട്ടികൾ ഞങ്ങൾ കൂട്ടായ്മയുടെ
മന്ത്രമുരുക്കിയൊഴിച്ചു ചമയ്ക്കും
നവദീപം പെരുമയിലാക്കാൻ
പാടിയതാണീ തുള്ളൽപ്പാട്ടുകൾ

# നഷ്ടസ്മൃതികൾ

വിറയാർന്ന ചുണ്ടുകളിൽ രാമായണശീലുകൾ
ഒഴുകിയെത്തുമീ കർക്കിടക സന്ധ്യകൾ
പോയകാലത്തിൻ മായാത്ത ചിത്രങ്ങൾ
തെളിവോടെ മിഴിവോടെ ഓർത്തെടുക്കാം
എത്ര ജന്മങ്ങൾ പടിപ്പുര കടന്നുവന്നെത്തിയോ
ജന്മങ്ങൾക്കന്നദാതാക്കളായി
പടിയിറങ്ങാൻ കഴിയാതെയിന്നും
നന്മകൾ ഇവിടെ വിതുമ്പുന്നുണ്ടാവാം.
വയലേലകളിലും വഴിയോരങ്ങളിലും
മൗനമായ് മൂകമായ് പിടയുന്നുണ്ടാകാം.
ഇന്നലെ പെയ്ത മഴയുടെ കുളിരിൽ
കൊതിയോടെ ഇന്നും നനഞ്ഞുനിൽക്കാം
പൂക്കളും പുഴകളും പുതിയ കഥ എഴുതുമ്പോൾ
നഷ്ടലസൃഷ്ടിതൻ മഞ്ചാടി മണികൾ ഒരുക്കിവയ്ക്കാം
പചിയെ തിരിഞ്ഞൊന്നുനോക്കി
സ്വാദേറും മുന്തിരിപ്പഴങ്ങൾ നുണഞ്ഞിറക്കാം
സൗഹൃദപ്പൂക്കൾ ഒരുമിച്ചു വിടർന്നൊരാ
ബാല്യത്തിൻ പൂങ്കാവനത്തിൽ
പുസ്തകത്താളിലെ മയിൽപ്പീലിതുണ്ടിൽ
പ്രണയത്തിൻ നിറച്ചാർത്തു കണ്ടിരിക്കാം
മറവി തൻ മാറാപ്പിലൊളിപ്പിച്ചതൊക്കെയും
ഒരുവട്ടംകൂടി മിനുക്കി വയ്ക്കാം
ലാഭവും മോഹവും കൈകോർത്തു  നിൽക്കുമ്പോൾ
തീരാശാപങ്ങൾ നെഞ്ചേറ്റി നടക്കുമ്പോൾ
പൊട്ടുപോലെവിടെയോ തിളങ്ങുമീ മുത്തുകൾ
വഴിവിളക്കായ് ഒളിതറുമെന്നാശിക്കാം.....

# രജതശോഭയറ്റ പൂമുഖങ്ങൾ

വാർദ്ധക്യം ഒരു ശാപമല്ല... അത് കേവലം ഒരു അവസ്ഥമാത്രം...!! ജീവിതയാത്രയുടെ വഴികളിൽ ഓരോ വ്യക്തിയും ചെന്നെത്തുന്ന സാധാരണമായ ഒരു കാലഘട്ടം. ചൈതന്യവും ഊർജ്ജവും അസ്തമിച്ച് മറുലോകത്തേക്ക് കടന്നുപോകുവാനുള്ള തയ്യാറെടുപ്പ് മാത്രം. പക്ഷെ ഇന്ന് ആ അവസ്ഥ ഒരു ശാപമായി മാറുകയാണോ ?

മനുഷ്യനെപ്പോലെ നിസ്സഹായനായി ജനിക്കുന്ന മറ്റൊരു വർഗ്ഗത്തിൽപ്പെട്ട ശിശുവും ഭൂമിയിലില്ല തന്നെ. മാതാപിതാക്കളാണ് ആ നിസ്സഹായാവസ്ഥയിൽ നിന്നും ഓരോ ശിശുവിനേയും വ്യക്തിത്വത്തിന്റെ ഹിമാലയോന്നതികളിൽ എത്തിക്കുന്നത്. സവിശേഷ ബുദ്ധിയുള്ള മനുഷ്യകുലം മറ്റെല്ലാം മറയ്ക്കുന്നതുപോലെ വളർത്തി വലുതാക്കിയ മാതാപിതാക്കളെയും മറക്കുന്നു. ഇത് ഇന്നത്തെ കാലത്തിന്റെ ശാപമായിരുന്നു.

പണ്ട് ഉമ്മറത്ത് ചാരു കസാലയിൽ നിറനിലാവുപോലെ നിറഞ്ഞുനിന്ന വാർദ്ധക്യം ഇന്ന് മണിമാളികകളുടെ പിന്നാമ്പുറത്തെവിടെയോ ഒതുങ്ങിക്കൂടുന്നു. അറിവിന്റേയും അനുഭവത്തിന്റേയും തെളിച്ചമാണ് നരയായും ജരയായും ആ ശരീരത്തിൽ കാണുന്നത്. എന്ന് പണ്ടുള്ളവർ തിരിച്ചറിഞ്ഞിരുന്നു. ഇന്ന് കാലത്തിന് ഗതിവേഗം കൂടുതലാണ്. പുതിയ തലമുറ പുതിയ അറിവും സംസ്കാരവും ഉള്ളവരാണ്. അവരുടെ ചിന്താഗതികളെപ്പറ്റി പഴയ തലമുറയ്ക്ക് ചിന്തിക്കാനേ കഴിയില്ല. മൂല്യങ്ങളെ ചവിട്ടിമെതിച്ച് എന്തും വെട്ടിപ്പിടിക്കണമെന്ന മത്സരചിന്തയോടും ലാഭക്കണ്ണോടും കൂടിമാത്രം ജീവിക്കുന്ന അവർക്ക് കറവറ്റപ്പശുപോലെ ഉപയോഗശൂന്യമാവുന്നു വൃദ്ധതലമുറ

പക്ഷെ ഒന്നു നാം തിരിച്ചറിയണം<br>
തല നരയ്ക്കുവതല്ലെൻ വൃദ്ധത്വം<br>
തല നരയ്ക്കാത്തതല്ലെൻ യുവത്വവും ... എന്ന കവിവാക്യം അങ്ങേയറ്റം സത്യം തന്നെയാണ്. തല നരച്ചു എന്നതിനാൽ ഒരാൾ ഒരിക്കലും മുഖ്യധാരയിൽ നിന്നും ഒഴിവാകുന്നില്ല. വയസ്സ് ഏറുന്തോറും അനുഭവവും അറിവും വർദ്ധിച്ച് പരിപക്വമായ മനസ്സ് ഉള്ളവരായി മാറുന്ന അവരെ സമൂഹനിർമ്മിതിയ്ക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. വൃദ്ധ സമൂഹത്തെ ഉൾക്കൊള്ളിച്ചുകൊണ്ട് ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് വാർദ്ധക്യം ഒരാഘോഷമാക്കി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ സമൂഹം ഏറ്റെടുത്ത് നടത്തേണ്ടതാണ്.

വയസ്സു കൂട്ടുവാൻ വേണ്ടിവന്നെത്തും<br>
ജന്മതാരകം വൈരിയാണോ, സുഹൃത്താണോ<br>
വളരെസംശയിപ്പൂ.. ഞാൻ..<br>
എന്ന കവിവാക്യം മനസ്സിൽ അശുപചിന്തകൾ ഉണ്ടാക്കാതിരിക്കട്ടെ...

കവിത

## എഴുതാനിരിക്കുന്ന കവിതകൾ

നിഴൽ വീണുമറയുന്ന പാതയോരങ്ങളിൽ
അറിയാതെ തേങ്ങുന്ന മാൻകിടാവ്..
തീഷ്ണമാം കൺകളാൽ...
തേങ്ങുന്നമനസാൽ,
രൂക്ഷമായ് നോക്കി അവൾ എന്നെ...

ആദിത്യൻ കീഴിലെ പച്ചപ്പ് മായുന്ന
കത്തിക്കരിയുന്ന ഭൂവിന്മേൽ
വെയിലേറ്റ് വാടിക്കൊഴിയുവാൻ
കാത്തിരിക്കുന്നൊരു ചെറു
പുഷ്പം പോൽ ദൃഷ്ടിയൂന്നീടുന്നു!

ഇരമ്പുന്ന സാഗരം ....,
വെട്ടിത്തിളയ്ക്കുന്ന കണ്ണുകൾ
വിശന്നൊട്ടിയ വയർ മുറുകെപ്പിടിച്ചി-
ടറുന്ന സ്വരത്തോടെ,
വിറയ്ക്കുന്ന കരങ്ങൾ നീട്ടിപ്പിടിച്ചും
കൊണ്ടവൾ തേങ്ങീടുന്നു...

വറ്റിവരണ്ട നദികൾ പോലെയവളുടെ
മനസ്സുകൾ മെല്ലെശൂന്യമായി,
നിറഞ്ഞൊഴുകുന്ന വിഷവാതകം പോലെ
അവളുടെ മനസ്സിന്നു ഭാരമായി
ഭാരവും ശൂന്യതയും ഒരുമിച്ചു ചേർന്ന -
വളുടെ ജീവിതം ഭീകരമായ് ....!
നീട്ടിപ്പിടിച്ച കരങ്ങളാൽ ഭിക്ഷ -
യാജിക്കുന്നവൾ ഒരു നേരത്തെ അന്നത്തിനായ്
അവൾക്കുമുന്നിൽ നിസംഗയായ്
നിൽക്കുന്നു ഞാൻ...
ഇനിയുമെത്രയോ കവിതകൾക്ക്
പാത്രമാണവളും അവൾ തൻ മനസ്സും.....

## ക്വിസ് കോർണർ

1. ശുദ്ധവജ്രത്തിന്റെ നിറമെന്ത് ?
2. മനുഷ്യൻ ആദ്യമായി കണ്ടുപിടിച്ച ലോഹം ഏത് ?
3. ഗിന്നസ് ബുക്കിന്റെ ഉപജ്ഞാതാക്കൾ ആരെല്ലാം ?
4. പ്ലവനതത്വം കണ്ടുപിടിച്ചതാര് ?
5. പ്രകാശത്തിന്റെ കണികാ സിദ്ധാന്തം കണ്ടുപിടിച്ചത് ആര് ?
6. ഇന്ത്യൻ അണുശക്തി – ആദ്യ ചെയർമാൻ ?
7. ആദ്യമായി ദക്ഷിണ ധ്രുവത്തിൽ കാലുകുത്തിയ മനുഷ്യൻ ?
8. ഭൂമി സൂര്യനെ ചുറ്റുന്നു എന്നു കണ്ടുപിടിച്ചത് ആര് ?
9. ഭൂമി ഉരുണ്ടതാണെന്ന് കണ്ടുപിടിച്ചത് ആര് ?
10. കുട്ടിക്കാലത്ത് കോഴിമുട്ടയ്ക്ക് അടയിരുന്ന ശാസ്ത്രജ്ഞൻ ?

## ഉത്തരങ്ങൾ

1. നിറമില്ല 2. ചെമ്പ്
3. നോറീസുറോസും 4. ആർക്കമിഡീസ്
5. ന്യൂട്ടൻ 6. ഹോമി.ജഹാംഗീർ ഭാഭ
7. റൊണാൾഡ് അമുണ്ട്സെൻ 8. കോപ്പർ നിക്കസ്
9. മഗല്ലൻ 10. എഡിസൺ

# മധുരം മലയാളം

നല്ലതു ചൊല്ലി പിച്ച നടത്തിയ നന്മൊഴി മലയാളം
നന്മകളായെന്നുള്ളിൽ വിളയും നറുമൊഴി മലയാളം
ആദ്യം ചൊല്ലിയ വാക്കിൽ വിളങ്ങിയതമ്മമലയാളം
പിന്നീടോരോ വാക്കിലുമെത്തീയർത്ഥവസന്തങ്ങൾ
എല്ലാമെത്ര മനോജ്ഞം മാമല നാട്ടിന്നുയിരിതു മലയാളം
എത്ര വികാരവിചാരതരംഗവുമണിയും മലയാളം
എത്ര സ്നേഹ സുഗന്ധാനുഭവ സ്നിഗ്ധം തൂമൊഴികൾ
ഏതനുഭൂതിയിൽ ജീവിത നദിയിൽ രോമാഞ്ചത്തിരകൾ
ചേലിലുണർത്തും ചേലോടുതൂകും മറുമൊഴി മലയാളം
ഏതൊരു കാവ്യശാസ്ത്രാധികളും വൈഭവ മിയലുന്നോൾ
എത്ര സമുന്നത ശീർഷരെ നെഞ്ചിന്നമൃതം നൽകി വളർത്തി
എത്ര മഹാന്മാരീ മലനാട്ടിൻ ശീലുകൾ പാടി വളർന്നൂ..
എത്ര വിദേശികളമ്മേ.. നിന്നുടെ കണ്ണിൻകനലിലെരിഞ്ഞു..
ന്യൂനമിതന്യഭാഷാപീഢയിലൂടലൊരു മാത്ര തളർന്നാലും
മുമ്പത്തേക്കാളൂർജ്ജം കൊണ്ടുടലുയിരിടുമെന്നുനിനച്ചോളു
അമ്മേ നിന്നുടെ പാലമൃതുണ്ടവർ നിന്നോടൊപ്പം നിലകൊള്ളും
നിന്നുടെ കീർത്തിയിലണ്ഡകടാഹവുമണിയും പുതുകമിതോർത്തോളൂ...

## പെട്ടെന്ന്

പെട്ടെന്നൊരു മഴ വന്നു
പെട്ടെന്നൊരു പുഴ വന്നു
വഴിയേത്.. പുഴയേത്
പുഴയൊഴുകും വഴിയേത്
വഴിയെല്ലാം പുഴയായി
കുളമായി.... ചളമായി
കുടിവെള്ളം ചെളിയായി
കളിക്കാനോ ഇടമില്ല...
കുട്ടികളോ പലവഴിയായ്
വയലെല്ലാം മടവീണു..
നെല്ലെല്ലാം പൊളിയായി
കർഷകരോ ഇരയായി
വെള്ളാനകൾ ഖുശിയായി.

## വിലാപം

വിടരാൻ വിതുമ്പുന്ന പനിനീർ മൊട്ടേ...
ആരെകാണാനിന്നാശിച്ചു നീ...
വേണ്ട വിടരേണ്ടെന്നോമലേ നീ...
മാവേലി വാണിടും കാലമല്ല..
മാനുഷ്യരെല്ലാരും ഒന്നുപോലല്ല...
ആദ്യമായി ഭൂമിയെ കാൺമതിനാൽ
നിനക്കൊന്നുമറിയില്ലെന്നോമലാളേ...
ഇന്നൊരുനാൾ നീ വിടർന്നുവെങ്കിൽ...
ഇളം തെന്നലിൻ ചാരെനിന്നാടിയെങ്കിൽ
കാണുമീ ഭൂമിതൻ അന്ധകാരം
ഭീകരമാമൊരു ശ്യാമയാമം
കൊള്ളയും കൊലയും കണ്ടുകണ്ട്
പാടേ മുരടിച്ച ഹൃത്തുമായി
പെട്ടെന്നു വാടി തളർന്നുവീഴും
പട്ടടയിൽവച്ച മനുഷ്യനേപ്പോൽ...

## കമ്പ്യൂട്ടർ വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ

വിദ്യാഭ്യാസ പ്രക്രിയയിൽ ശസ്ത്ര സാങ്കേതിക വിദ്യയുടേയും വിവര വിനിമയ സാങ്കേതിക വിദ്യയുടേയും സ്വാധീനവും ഉപയോഗവും ഒഴിച്ചു നിർത്താൻ സാധ്യമല്ല. ആധുനിക ഘട്ടത്തിൽ ജീവിക്കാനാവശ്യമായ നൈപുണികളുടെ കൂട്ടത്തിൽ വിവര സാങ്കേകിക വിദ്യ ഏറെ പ്രാധാന്യമാണ്. അതിനാൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഐ.സി.ടി. ( ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ ടെക്നോളജി നൈപ ുണികളും ഉൾപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യങ്ങളിൽ ഒന്നുമാ്ര തമാണ്.

വിദ്യാഭ്യാസത്തിൽ ഐ.ടി.യുടെ പങ്ക് കമ്പ്യൂട്ടർ വിദഗ്ധരെസൃഷ്ടിക്കുക എന്നല്ല.മറിച്ച് ഫലപ്രദമായി കരിക്കുലം വിനിമയം ചെയ്യൽ, കുട്ടികൾക്ക് പ്രാഥമിക ഐ.ടി.ഐ നൈപുണികൾ സ്വായത്തമാക്കാനുള്ള അവസരമൊരുക്കൽ എന്നിവയാണ്. ഭാവി സമൂഹത്തിന്റെ ആവശ്യങ്ങൾക്ക് കൂടി അനുയോജ്യമായ വിധത്തിലായിരിക്കണം വിദ്യാഭ്യാസ രംഗത്ത് ഐ.റ്റി. പഠനം ഏർപ്പെടുത്തേണ്ടത്.

വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതി വിനിമയത്തിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉണ്ട്. ഇത് ഓരോ കുട്ടിയ്ക്കും ലഭിക്കുന്ന അറിവിന്റേയും കഴിവിന്റേയും ഗുണം വർദ്ധിപ്പിക്കുന്നു... ഒപ്പം പുതിയ ബോധനരീതി ശാസ്ത്രങ്ങളുടെ അടിസ്ഥാനത്തിൽ പഠനാവശ്യങ്ങൾക്കായി സ്വയം ഐ.ടി പ്രയോജനപ്പെടുത്തുന്നതിനും അതുവഴി കമ്പ്യൂട്ടർ നൈ പുണികൾ ഉറപ്പിക്കുന്നതിനും കഴിയുന്നു..

അദ്ധ്യാപകർക്കും കുട്ടികൾക്കും അറിവിന്റെ വിശാലമായ ലോകത്തേക്ക് തുറന്നിട്ട ഒരു വാതിലായി മാറണം ഐ.ടി. വിദ്യാഭ്യാസം എന്ന കാഴ്ചപ്പാടാണ് പുതിയ കരിക്കുലം വിഭാവനം ചെയ്യുന്നത്.

ക്ലാസ് മുറിയിൽ അറിവിന്റെ പുതിയ ചക്രവാളങ്ങൾ തേടുന്നതിന് വിദ്യാർത്ഥിയോടൊപ്പം സഞ്ചരിക്കുന്ന വഴികാട്ടിയായി സഹയിയായി സഹപഠിതാവായി കമ്പ്യൂട്ടറും മാറേണ്ടതാണ്.

## മാതൃദുഃഖം

നമ്മുടെ മുന്നിൽ കേഴുന്നൊരമ്മതൻ
വാക്കുകൾ കേട്ടു കരഞ്ഞുപോയി
എന്തൊരു കഷ്ടമീ അമ്മതൻ ജീവിതം
കഷ്ടതകൾ തൻ നടുവിലല്ലോ..
ഭക്ഷമില്ലാതെ വസ്ത്രങ്ങളില്ലാതെ
എങ്ങനെയമ്മ കഴിഞ്ഞുകൂടും
വാടിക്കരിഞ്ഞ ശരീരവുമായി അമ്മ -
തൻ കുഞ്ഞിനേയും കൊണ്ട് തെരുവിലേക്ക്
വറ്റിവരൊണ്ടരാ കണ്ണുകളിലേക്ക് നാം
എങ്ങനെനോക്കുന്നു കൂട്ടുകാരേ..
വിങ്ങുന് ഹൃദയവുമായി അമ്മ അങ്ങനെ
തെരുവുകളിലേക്ക് നടന്നിറങ്ങി..
അമ്മതൻ തോളിൽ മയങ്ങുന്ന കുഞ്ഞിന്റെ
ചുണ്ടുകളൊക്കെ വരണ്ടിരിപ്പൂ...
വിറയാർന്ന വിരലുമായ് നമ്മുടെ മുന്നിൽ
കൈ നീട്ടിയാ അമ്മ കരഞ്ഞു നിൽപ്പൂ..
കൈ നീട്ടിയാ അമ്മ കരഞ്ഞുനിൽപ്പൂ..

(നമ്മുടെ മുന്നിൽ )

## വിജയ സിദ്ധിയ്ക്ക് പത്ത് വിജയ സൂത്രങ്ങൾ

നന്മയും തിന്മയും കൂടി ചേർന്ന നൂലുകൾ കൊണ്ടുള്ള ഒരു വലയാണ് ജീവിതം. മനോഹരമായ ഈ ജീവിതം ദൈവത്തിന്റെ ദാനമായി സ്വീകരിക്കണം. ഇതിനെ ഉത്കൃഷ്ടവും ഗുണകരവുമായി തീർക്കേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. നന്മകളാൽ സമൃദ്ധമായ കർമ്മം കൊണ്ട് നാം മറ്റുള്ളവർക്ക് മാതൃകയായി തീരട്ടെ.. സത് ചിന്തകളെ ഉണർത്തുകയും മനസ്സിനെയും ഹൃദയത്തേയും ഉദാത്തമാക്കുകയും ചെയ്യണം. അതിന് ലളിതവും സർവ്വ സാധാരണവും അതേ സമയം സർവ്വ പ്രധാനവുമായ വിഷയങ്ങൾ വിശകലനത്തിനായി തിരഞ്ഞെടുക്കണം.

### 1. ഉയർച്ചയിലേക്കുള്ള അഭിവീക്ഷണം

ഒരു പ്രവർത്തിയുടെ വിജയ സാഫല്യത്തിനു നിദാനം നിരന്തരമായ അധ്വാനമാണ്. പ്ര യത്നശാലികൾക്ക് വിജയം ഉറപ്പതു തന്നെയ ഒന്നോ രണ്ടോ പ്രാവശ്യത്തെ പരിശ്രമം കൊണ്ട് നേടാവുന്നതല്ല വിജയകിരീടം മറ്റുള്ളവരുടെ പ്രതികരണം എന്തെന്ന് ഗൗനിക്കാതെ താൻ ചെയ്യുന്ന പ്രവർത്തിയിൽ പൂർണ്ണമായി ശ്രദ്ധ ചെലുത്തി പ്രത്യാശയോടെ മുന്നോട്ട് നീങ്ങുന്ന ഒരുവന് വിജയം സുനിശ്ചിതം.

### 2. പ്രത്യാശ

ജീവിതത്തിൽ പ്രതീക്ഷയാണ് മനുഷ്യനെ പ്രവർത്തനോൽസുകനാക്കുന്നത്. മനുഷ്യന്റെ നേട്ടങ്ങൾക്കെല്ലാം അടിസ്ഥാനമായി വർത്തിക്കുന്ന മനോഭാവമാണ് പ്രത്യാശ.

### 3. ജീവിതത്തെ അഭിമുഖീകരിക്കുക

അനുഭവങ്ങളുടെ തിരകളിലൂടെ മുന്നേറാൻ മനോധൈര്യം ഉണ്ടായിരിക്കണം. ശരിയെന്നു ചിന്തിച്ചുറക്കുന്നതിൽ പതറാതെ നിൽക്കുക. സത്യസന്ധമായി പ്രവർത്തിക്കുക, ആത്മവിശ്വാസത്തെ നഷ്ടപ്പെടുത്താതെ പ്രതിസന്ധികയളെ നേരിടുക

### 4. പ്രവർത്തന നിരത

പ്രവർത്തിയിൽ ഏർപ്പെടുമ്പോൾ നമ്മുടെ വീഴ്ചകളോ പരാജയങ്ങളോ ഉണ്ടായേക്കാം. അപ്പോഴൊക്കെ നിരാശയും അധീരതയും ഉണ്ടാകാതെ പ്രവർത്തി പൂർത്തീകരിക്കുകയാണ് വേണ്ടത്. സ്ഥിരോത്സാഹം ഇതിന് അത്യാവശ്യമാണ്.

**5. ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുക**

നമ്മുടെകഴിവുകൾ എന്തെന്നു ബോധ്യമുണ്ടായെങ്കിൽ മാത്രമേ അവയെ വികസിപ്പിച്ചെടുക്കാൻ കഴിയൂ.. ആരും നിസാരൻമാർ അല്ല. കഴിവുകൾ ഉള്ളവരാണെന്ന ആത്മവിശ്വാസത്തോടെ പ്രവർത്തന നിരതരാവുക.

**6. ഏകാഗ്രത ഉണ്ടായിരിക്കുക**

നമ്മുടെ ജോലികൾ ശരിയായി ചെയ്യുന്നതിനും ആത്മ സംതൃപ്തി ഉണ്ടാവുന്നതിനും ഏകാഗ്രത അത്യാവശ്യമാണ്.

**7. ആത്മാർത്ഥ**

ഒരു പ്രവർത്തി ചെയ്യുമ്പോൾ അതിൽ സത്യസന്ധത പുലർത്തണം. ആ പ്രവർത്തിയെ പൂർണ്ണതയിൽ എത്തിക്കണം.

**8. ശരിയായ ചിന്ത**

മനുഷ്യന്റെ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുന്ന മാനസിക പ്രതിഭാസമാണ് ചിന്ത

**9. കഴിവുകൾ പ്രകാശിപ്പിക്കുക**

ഓരോ വ്യക്തിയ്ക്കും സ്വന്തമായ കഴിവുകൾ ഉണ്ട്. അവ മറച്ചു വയ്കകുന്നതിൽ അർത്ഥമില്ല. പ്രകാശിക്കുന്ന കഴിവുകൾ ആരും മൂടി വെയ്ക്കാറില്ല. കഴിവുകളിൽ അഭിമാനം കൊള്ളുക തന്നെ. പക്ഷെ അഹംഭാവത്തിനു വഴി തെളിയിക്കാതിരിക്കുക.

**10. നല്ല ശീലങ്ങൾ**

ജീവിതത്തിൽ വിജയവും സന്തോഷങ്ങളും കൈവരുത്തുക എന്ന ലക്ഷ്യമുള്ളവർ നല്ല ശീലങ്ങൾ വളർത്തിയെടുക്കാൻ ശ്രദ്ധിയ്ക്കണം. പ്രയത്നിക്കാനുള്ള ശീലമുണ്ടാകണം. അതാണ് വിജയത്തിന്റെ താക്കോൽ.

**************************************************************************************